ഉത്തരം

(എ) പ്ലസ് ടു കോഴ്സ് മുഖേന ഏകദേശം 83680 വിദ്യാർത്ഥികൾക്കും പ്രീ-ഡിഗ്രി മുഖേന ഏകദേശം 60160 വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കും.

(ബി) 2,88,588 പേർ പാസ്സായി.

(സി) ഇതു പ്രായോഗികമല്ല.

പ്ലസ് ടു കോഴ്സുകൾക്ക് പുതുതായി അനുവദിച്ച വിഷയങ്ങൾ

54 (837) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം സംസ്ഥാനത്തെ പ്ലസ് ടു സ്കൂളുകളിൽ പുതുതായി അനുവദിച്ച വിഷയങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിക്കുകയുണ്ടായി; സ്കൂളുകൾ ഏതെല്ലാമാണെന്നും കോഴ്സുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകളിലാണ് പ്ലസ് ടു കോഴ്സുകൾ ഉള്ളതെന്നും പുതിയ ബാച്ചുകൾ ഏതെല്ലാം സ്കൂളുകളിൽ ആരംഭിച്ചെന്നും കോഴ്സുകൾ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഹോംസയൻസ്, ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ്, മ്യൂസിക് എന്നീ വിഷയങ്ങൾ ഓപ്ഷണൽ വിഭാഗത്തിലും, ഭാഷാ വിഭാഗത്തിൽ ജർമ്മൻ, സിറിയക്, ലാറ്റിൻ എന്നിവയ്ക്കും പുതുതായി അനുവദിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ പതിനെട്ട് സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കരുവാറ്റ എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളിലും ഹരിപ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും പ്ലസ് ടു കോഴ്സ് ഉണ്ട്. ഈ രണ്ട് സ്കൂളുകളിലും ഓരോ സയൻസ് ബാച്ച് വീതം പുതുതായി അനുവദിച്ചിട്ടുണ്ട്.

പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ നടപടി

55 (838) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് എം.എം. ഹൈസ്ക്കൂൾ കാലിക്കട്ട് ഗേൾസ് ഹൈസ്ക്കൂൾ എന്നീ ഹൈസ്ക്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കണമെന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly